വൈദ്യുതി ഉല്പാദനത്തിൽ സ്വയംപര്യാപ്തത

79 (446) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ വൈദ്യുതി ഉല്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് വ്യക്തമാക്കുമോ ;

(ബി) നിലവിൽ ഒരു യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് എത്ര രൂപ ചെലവ് വരുന്നു എന്നും, ഉപഭോക്താവിന് എത്ര രൂപക്ക് നൽകുന്നു എന്നും കേന്ദ്രപൂളിൽ നിന്നുള്ള വൈദ്യുതിക്ക് എത്ര രൂപ നൽകുന്നുവെന്നും വ്യക്തമാക്കുമോ ;

(സി) പ്രകൃതി വാതകം ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) നിർമ്മാണത്തിലിരിക്കുന്നതും, പരിഗണനയിലുള്ളതുമായ ആഭ്യന്തര ഉത്പാദന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 2014-15-ലെ പ്രൊവിഷണൽ അക്കൗണ്ട്സ് പ്രകാരം ഒരു യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള ചെലവ് 98 പൈസ ആണ്. പക്ഷേ ആകെ ഊർജ്ജ ആവശ്യകതയുടെ 33.37 ശതമാനം മാത്രമേ നിലവിൽ സംസ്ഥാനത്ത് ഉത്പാദിപ്പിക്കാൻ കഴിയുന്നുള്ളൂ. ബാക്കി ആവശ്യകത നിറവേറ്റാനായി കേന്ദ്ര പൂളിൽനിന്നും ആർ.ജി.സി.സി.പി.പി. ഉൾപ്പെടെയുള്ള മറ്റ് ഐ.പി.പി.-കളിൽ നിന്നും, വൈദ്യുതി വ്യാപാരികളിൽനിന്നും വൈദ്യുതി വാങ്ങേണ്ടതായി വരുന്നു. 2014-15-ലെ കണക്കുകൾ പ്രകാരം കേന്ദ്ര പൂളിൽനിന്നും വൈദ്യുതി വാങ്ങുന്നതിന് യൂണിറ്റ് ഒന്നിന് 3 രൂപ 56 പൈസയും, ആർ.ജി.സി.സി.പി.പി.-യിൽ നിന്നും വൈദ്യുതി വാങ്ങുന്നതിന് യൂണിറ്റൊന്നിന് 15 രൂപ 10 പൈസയും, മറ്റ് ഐ.പി.പി.-കളിൽ നിന്നും വൈദ്യുതി വ്യാപാരികളിൽ നിന്നും വൈദ്യുതി വാങ്ങുന്നതിന് യൂണിറ്റൊന്നിന് 5 രൂപ 26 പൈസയും ചെലവ് വരുന്നു. അപ്രകാരം 2014-15-ലെ ആകെ വൈദ്യുതി വാങ്ങൽ ചെലവ് ശരാശരി യൂണിറ്റൊന്നിന് 4 രൂപ 63 പൈസ ആണ്. 2014-15-ലെ പ്രൊവിഷണൽ അക്കൗണ്ട്സ് പ്രകാരം ഒരു യൂണിറ്റ് വൈദ്യുതി ഉപഭോക്താവിന് എത്തിക്കുമ്പോൾ ഉണ്ടാകുന്ന ചെലവ് (പ്രസരണ വിതരണ നഷ്ടം ഉൾപ്പെടെ) 6 രൂപ 35 പൈസ ആണ്. 2014-15-ലെ പ്രൊവിഷണൽ അക്കൗണ്ട്സ് പ്രകാരം ഒരു യൂണിറ്റ് വൈദ്യുതി ഉപഭോക്താവിന് വിൽക്കുന്നതുവഴി ലഭിക്കുന്ന വരുമാനം 5 രൂപ 2 പൈസ ആണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രകൃതി വാതകം ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കാനായി നടപ്പിലാക്കുന്ന പദ്ധതികൾ താഴെ കൊടുത്തിരിക്കുന്നു:

1. ആർ.ജി.സി.സി.പി. (എൻ.റ്റി.പി.സി.)-360 MW (നാഫ്തയിൽ നിന്നും പ്രകൃതി വാതകത്തിലേക്ക് മാറുന്ന പദ്ധതി).
2. ബി.എസ്.ഇ.എസ്.-157MW (നാഫ്തയിൽനിന്നും പ്രകൃതി വാതകത്തിലേക്ക് മാറുന്ന പദ്ധതി).
3. ബ്രഹ്മപുരം - 400 MW-ന്റെ പുതിയ പദ്ധതി.
4. ബി.ഡി.പി.പി.-യിലെ കേടായ രണ്ട് ജനറേറ്ററുകൾ മാറ്റി പ്രകൃതി വാതകത്തിൽ പ്രവർത്തിക്കുന്ന ജനറേറ്ററുകൾ സ്ഥാപിക്കുന്ന പദ്ധതി-40 MW.

മുകളിൽ പറഞ്ഞിരിക്കുന്ന പദ്ധതികൾ താങ്ങാവുന്ന വിലയിൽ പ്രകൃതി വാതകം ലഭ്യമാകുന്ന മുറയ്ക്ക് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

വൈദ്യുതി ഉത്പാദനത്തിനുള്ള പുതിയ പദ്ധതികൾ

80 (447) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ പദ്ധതികളുടെ അഭാവത്തിൽ കേരളത്തിലെ വൈദ്യുതി ഉത്പാദനം പ്രതിസന്ധിയിലാണെന്നു കരുതുന്നുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) പുതിയ പദ്ധതികൾ ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാമെന്നു വ്യക്തമാക്കാമോ ?

ഉത്തരം

(എ) വർദ്ധിച്ചുവരുന്ന ഉപഭോഗത്തിനനുസരിച്ച് ആഭ്യന്തര ഉത്പാദനം സാധ്യമാകുന്നില്ല. ആയതിനാൽ അന്യസംസ്ഥാന നിലയങ്ങളുടെ മേലുള്ള ആശ്രിതത്വം വർദ്ധിച്ചുവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2013 ഡിസംബർ മുതൽ 2015 ജൂൺ വരെയുള്ള കാലയളവിൽ 1415 മെഗാവാട്ട് വൈദ്യുതി 25 വർഷത്തേക്ക് വാങ്ങുന്നതിന് ദീർഘകാല കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ദീർഘകാലാടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ ഊർജ്ജ സുരക്ഷ ഉറപ്പാക്കുന്നതിന് ഉയർന്നശേഷിയുള്ള ഒരു ആഭ്യന്തര നിലയം അനിവാര്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly